കൂടുതൽ സൗരോർജ്ജം ഉൽപ്പാദിപ്പിക്കാൻ നടപടി

17 [2634] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ഏതെല്ലാം മേഖലകളാണ് നിലവിലു ള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സൗരോർജ്ജത്തെക്കുറിച്ച് കൂടുതൽ പ്രചരണം നടത്താനും ഉല്പാദി പ്പിക്കാനും നടപടികൾ സ്വീകരിക്കുമോ;

(സി) സൗരോർജ്ജം, കാറ്റിൽ നിന്നും വൈദ്യുതി തുടങ്ങിയ മേഖലകളെ പ്രോൽസാഹിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ അവ വിശദീകരിക്കുമോ?

ഉത്തരം

(എ) ജലവൈദ്യുത പദ്ധതികൾക്കു പുറമേ സൗരോർജ്ജം, പവനോർജ്ജം, ജൈവോർജ്ജം എന്നീ മേഖലകളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ പദ്ധതികൾ നിലവിലുണ്ട്.

(ബി) സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള നട പടികൾ അനർട്ട് വഴി പ്രചരണം നടത്തി വരുന്നുണ്ട്.

(സി) ഉപഭോക്താക്കൾക്ക് സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദി പ്പിച്ച് പ്രവർത്തിപ്പിക്കുന്ന തരത്തിലുള്ള ഉപകരണങ്ങൾ നല്കുന്നതിന് അനർട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത പ്രദേശങ്ങളിൽ ടി. വി. പവർ പായ്ക്ക്, മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സൗരോർജ്ജം ഉപയോഗിച്ച് തെളിക്കാവുന്ന ഉപകരണങ്ങൾ, സൗരോർജ്ജ റാന്തൽ മുതലായവ വിതരണം ചെയ്യുന്നതിനും അനർട്ട് പരിപാടികൾ ആവഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

2003-ലെ ഇലക്ട്രിസിറ്റി ആക്ട് നിലവിൽ വന്നതിനു ശേഷം കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള പുതുക്കിയ മാർഗ്ഗരേഖകൾ 6-11-2004-ലെ ജി. ഒ. (എം.എസ്സ്.)23/2004/പി.ഡി. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ ഇതിനായി അനർട്ടിനനുവദിച്ച 149.10.53 ഹെക്ടർ ഭൂമിയുടെ സർവ്വേ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി രണ്ടു വർഷത്തിനകം പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ അനർട്ട് വഴിയായി രണ്ട് മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു പ്രദർശന കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly